**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - യോഗ്യതയുള്ള ടൈപ്പിസ്റ്റുമാരിൽ നിന്നും ബൈപ്രൊമോഷൻ മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നിയമനം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) G.O.(MS) No. 288/71/PD, Dated: 01/09/1971

2) ഉത്തരവ് നം. DHS/14409/2024-ED4, Dated: 02/07/2024

3) DHS/14409/2024-ED4, Dated: 31/08/2024

**ഉത്തരവ് നം :ഇഡി4 -14409/2024/ആ.വ.ഡ.,തീയതി: 29-01-2025**

–

ആരോഗ്യവകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ബൈ പ്രൊമോഷൻ മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി പരാമർശം (2) പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (3) സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ലിസ്റ്റിൽ റാങ്ക് നം. 1 ശ്രീമതി.അനുഷ.എ, യു.ഡി.ടൈപ്പിസ്റ്റ്, ജില്ലാ മെഡിക്കൽ ഓഫീസ്, പാലക്കാട്-നെ കെ.എസ് & എസ്.എസ്.ആർ.ഭാഗം ചട്ടം 286 (ii) പ്രകാരം 27900-63700 ശമ്പള സ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം. | പേര്, പെൻ, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|
| 1 | 1 | അനുഷ. എ<br>യു.ഡി ടൈപ്പിസ്റ്റ്<br>പെൻ 826424<br>ജില്ലാ മെഡിക്കൽ ഓഫീസ്, പാലക്കാട് | 29/03/1990 | SSLC,<br>Plus Two,<br>Diploma in Secretarial Practice | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, മട്ടാഞ്ചേരി (ഓപ്പൺ വേക്കൻസി) |

ടിയാൾ ഡ്യൂട്ടിയിൽ ചേർന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷ സേവനത്തിനുള്ളിൽ ഒരു വർഷത്തേക്കാണ് പ്രൊബേഷൻ കാലയളവ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
M . Abul Kalam
Date: 29-01-2025 15:56:07

ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ശ്രീമതി. അനുഷ. എ, യു.ഡി ടൈപ്പിസ്റ്റ്, ജില്ലാ മെഡിക്കൽ ഓഫീസ്, പാലക്കാട്

പകർപ്പ് :

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ബന്ധപ്പെട്ട സ്ഥാപനമേധാവിക്ക്
3. ഫയൽ/കരുതൽ ഫയൽ